വാരനാട് പാലം

890 [1040] ശ്രീ. എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നല്കുമോ:

വാരനാട് ചേർത്തലയുമായി ബന്ധിപ്പിക്കുന്ന വാരനാട് പാലം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഈ പാലത്തിന്റെ പണിക്കാവശ്യമായ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി അലൈൻമെൻറ് അംഗീകരിച്ചിട്ടുണ്ട്. പാലത്തിന്റെ ഡിസൈൻ തയ്യാറാക്കിവരുന്നു.

പവിത്രേശ്വരം പഞ്ചായത്തിൽപ്പെട്ട ചെറുപൊയ്ക പാലം

891 [1045] ശ്രീ. സി. കെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നല്കുമോ:

(എ) കൊല്ലം ജില്ലയിലെ പവിത്രേശ്വരം പഞ്ചായത്തിൽപ്പെട്ട ചെറുപൊയ്ക പാലത്തിന്റെ എസ്റ്റിമേറ്റ് രൂപംകൊണ്ടിട്ട് എത്ര വർഷം കഴിഞ്ഞു;

(ബി) പാലത്തിന്റെ പണി ഏറ്റെടുത്ത് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) എസ്റ്റിമേറ്റിൽ പറഞ്ഞിരിക്കുന്ന രീതിയിൽ ഈ പാലം പണിയണമെങ്കിൽ എത്ര തുക വേണ്ടിവരും?

ഉത്തരം

(എ) രണ്ട് വർഷം കഴിഞ്ഞു.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) 18,65,000 രൂപ വേണ്ടിവരും.

തുരുത്തേൽ പാലം

892 [1047] ശ്രീ. ഉമ്മൻചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം കോഴഞ്ചേരി റോഡിലുള്ള തുരുത്തേൽ പാലം പുതുക്കിപണിയുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതിന്റെ എസ്റ്റിമേറ്റ് തുക എത്ര;

(സി) ഈ പാലം പണിക്ക് ആവശ്യമായ സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 20,78,000 രൂപയാണ് ഈ പാലത്തിന്റെ എസ്റ്റിമേറ്റ് തുക.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

വളത്തകാട് ദ്വീപിനെ മരട് എന്ന സ്ഥലവുമായി ബന്ധപ്പെടുത്തുന്ന പാലം

893 [1048] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നല്കുമോ:

(എ) മരട് പഞ്ചായത്തിൽ വളത്തകാട് എന്ന ദ്വീപും മരട് എന്ന സ്ഥലവും ബന്ധപ്പെടുത്തുന്ന പാലം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) തൽസംബന്ധമായ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാലത്തിന്റെ പണി എന്നത്തേക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) വളത്തകാട് ഹരിജൻ കോളനിയിലേക്കുള്ള റോഡിലാണ് പ്രസ്തുത പാലം നിർമ്മിക്കേണ്ടത്. ഈ ജോലിക്ക് ജില്ലാ വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ആവശ്യമാണ്.

(സി) പ്രാരംഭ നടപടികൾ കഴിഞ്ഞിട്ടില്ലാത്തതിനാൽ പാലത്തിന്റെ പണി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് ഇപ്പോൾ പറയാൻ കഴിയുകയില്ല.

നെടുമുടി, പള്ളാത്തുരുത്തി, കൈതത്തോട് പാലങ്ങൾ

894 [1049] ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നല്കുമോ:

(എ) നെടുമുടി, പള്ളാത്തുരുത്തി, കൈതത്തോട് എന്നീ പാലങ്ങളുടെ പണി കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്തിട്ട് എത്ര കാലമായി;

(ബി) ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) ഇതിന്റെ പണി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും;

(ഡി) പണി സ്തംഭനാവസ്ഥയിലായതിന്റെ കാരണം എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ഇ) ഇനി ഒരു സ്പാൻ മാത്രം വാർക്കുവാൻ ബാക്കിയുള്ള കൈതത്തോട് പാലം ഉടൻ പൂർത്തീകരിക്കുവാനും സ്തംഭനാവസ്ഥയിലായ മുട്ടാർ സെൻട്രൽ റോഡിന്റെ പണി തീർക്കുവാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നെടുമുടി പാലത്തിന്റെ പണി 1977 ഫെബ്രുവരിയിലും പള്ളാത്തുരുത്തി പാലത്തിന്റെ പണി 1976 ആഗസ്റ്റിലും കൈതത്തോട് പാലത്തിന്റെ പണി 1980 ഡിസംബറിലുമാണ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്തത്.

LIBRARY ARCHIVES Kerala Legislative Assembly